TB214410W

Reg. No :...............................

Name :..................................

B.Sc. DEGREE (C.B.C.S.) EXAMINATION, MARCH 2023

(2021 Admissions Regular, 2020 Admissions Supplementary / Improvement)

SEMESTER IV - COMMON COURSE 2 (MALAYALAM)

(For PSYCHOLOGY)

MA4A06B18 - MALAYALA GADHYARACHANAKAL

Time : 3 Hours | Maximum Marks : 80

## Part A

**I. Answer any Ten questions. Each question carries 2 marks** **(10x2=20)**

1. "സ്ത്രീപക്ഷത്തിലേക്ക് കടക്കുമ്പോളാണ് കാളിദാസനെ നിയന്ത്രിച്ച സാമൂഹ്യശക്തിയുടെ വിശ്വരൂപം കാണാനാവുക"- സന്ദർഭം വിശദമാക്കുക.
2. മേഘസന്ദേശത്തിനുണ്ടായ മലയാള വിവർത്തനങ്ങൾ ഏതെല്ലാം?
3. ഭാഷയിലെ പ്രാദേശികതയുടെ പ്രസക്തി എന്ത്? വിശദമാക്കുക.
4. എം ടി യുടെ ജനനത്തെക്കുറിച്ചുള്ള ഓർമ്മകൾ എന്തെല്ലാം?
5. 'പുത്തൻ അടുക്കള' എന്ന സങ്കല്പം വിശദമാക്കുക?
6. പാലക്കാട് മണി അയ്യരും ചെമ്പൈയും തമ്മിലുള്ള ബന്ധം- വിവരിക്കുക.
7. ഒപ്ടിക്സിൻറെ ഏറ്റവും അടിസ്ഥാന നിയമങ്ങളിൽ ഒന്നായ സൈൻ നിയമം എന്തെന്ന് വിശദമാക്കുക.
8. ഇന്ത്യൻ വികസനത്തിൻറെ കേന്ദ്രപ്രശ്നമായി അമർത്യാസെൻ ചൂണ്ടിക്കാണിച്ചതെന്ത്?
9. അതുകൊണ്ട് ആ ദുഃഖങ്ങൾ എല്ലാ വേദനയോടുംകൂടെ ഞാനിവിടെ പകർത്തി'-കാരൂർ ഇവിടെ സൂചിപ്പിക്കുന്നതെന്ത്?
10. 'എൻറെ മുഖമടച്ച് ഒരടികൊണ്ടപോലെ ഞാനവിടെ നിന്നുപോയി' -ആര്?എന്തായിരുന്നു കാരണം?
11. അദ്ദേഹത്തെ ആദ്യം കണ്ടതിനെപ്പറ്റി രസകരമായ ഒരോർമ്മയുണ്ടെനിക്ക് '-ആരുടെ ഏതോർമ്മയെക്കുറിച്ചാണ് പരാമർശം ?
12. 'വെളുപ്പിന് നാലുമണിക്ക് അതു സംഭവിച്ചു'- എന്താണ് സംഭവിച്ചത്?

## Part B

**II. Answer any Six questions. Each question carries 5 marks** **(6x5=30)**

13. "ഒരുകൃതിയും അതേപടി മറ്റൊരു ഭാഷയിൽ ആക്കാനാവില്ല"- മേഘസന്ദേശത്തിൽ ഈ പ്രസ്താവനയ്ക്കുള്ള പ്രസക്തി പരിശോധിക്കുക.
14. ഭാഷാസംരക്ഷണത്തിനായി മൊഹാക്കുകാർ ചെയ്ത കാര്യങ്ങൾ വിവരിക്കുക
15. ജീവിതത്തിൻറെ അപരാഹ്നത്തിൽ വീണ്ടും ഓർത്തുപോകുന്ന എം ടി യുടെ ചിന്തകൾ സംഗ്രഹിക്കുക.
16. അടുക്കള ആവശ്യമില്ലെന്ന നിഗമനത്തിലേക്ക് വിപണി നമ്മെ നയിക്കുന്നത് എങ്ങനെ?
17. 'മലയാള പുസ്തകപ്രസാധനത്തിൻറെ ആദ്യകാല ചരിത്രം പ്രാർത്ഥനാ നിർഭരമാണ്' - വിശദമാക്കുക ?
18. ഒരായിരം വർഷത്തെ പ്രകാശചരിത്രത്തിൻറെ ജനനമായിരുന്നു 1015 -ൽ സംഭവിച്ചത് -ഉദാഹരണസഹിതം വിശദമാക്കുക.
19. സാഹിതീസഖ്യം -പ്രവർത്തനവും വളർച്ചയുംവിശദീകരിക്കുക.
20. 'ഉതുപ്പാൻറെ കിണർ', 'പൊതിച്ചോറ് ' - ഈ രണ്ടു കഥകളുടെ പ്രസക്തി പരിശോധിക്കുക .

21. 'ചില വിടവുകൾ നികത്താൻ പറ്റിയതായി ഒന്നും ഒരിക്കലും കിട്ടുകയില്ല '-അച്ഛനും കുട്ടൻചേട്ടനും എന്ന ഭാഗത്തെ ആസ്പദമാക്കി വിവരിക്കുക.

## Part C

**III. Answer any Two questions. Each question carries 15 marks** **(2x15=30)**

22. 'എഴുതപ്പെട്ട കാലങ്ങളിലെ സാമൂഹ്യസംസ്കാരങ്ങൾക്ക് ആ കൃതികളിൽ സ്വാധീനശക്തിയുണ്ടാവും' എന്ന ആശയത്തെ മുണ്ടശ്ശേരി വിവരിക്കുന്നത് എങ്ങനെ? പാഠഭാഗത്തെ ആസ്പദമാക്കി വിമർശിക്കുക..
23. 'വിശ്വാസത്തിൽനിന്ന് വായനയിലേക്ക് പുസ്തകത്തെ വിമോചിപ്പിച്ച ആളാണ് ഈശ്വരപിള്ള വിചാരിപ്പുകാർ' - വിമർശിക്കുക?
24. മണ്ണ് ,ജലം ,വായു ഇവയെക്കുറിച്ചുള്ള സിയാറ്റിൻ മൂപ്പൻറെ ആശയങ്ങൾ ക്രോഡീകരിക്കുക .
25. കാരൂർ കഥകളും കഥാപാത്രങ്ങളും - ഉപന്യസിക്കുക .